(ബി) ഓരോ തസ്തികകളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവരുടെ ശമ്പളവും അവർക്കുവേണ്ടി ബോർഡിന് അടയ്ക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ തുകയും എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) താഴെ പറയുന്ന പ്രധാനപ്പെട്ട തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥർ ഇപ്പോൾ ജോലി നോക്കുന്നുണ്ട്.

1. ചെയർമാൻ
2. ബോർഡ് മെമ്പർ (ഫൈനാൻസ്)
3. ബോർഡ് സെക്രട്ടറി
4. ഐ.ജി. ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
5. സൂപ്രണ്ട് ഓഫ് പോലീസ്
6. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (2 പേർ)
7. ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
8. കൺസർവേഷൻ ഓഫ് ഫോറസ്റ്റ്
9. സ്പെഷ്യൽ ഓഫീസർ (ആഡിറ്റ്)
10. ആർ. ഡി. എ. ഓഫീസർ
11. ആർ. റ്റി. എ. സൂപ്രണ്ട് (കൊട്ടാരക്കര)
12. ആർ. ഡി. എ. സൂപ്രണ്ട് (കക്കയം)

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വൈദ്യുതി ബോർഡ് മീറ്റിംഗിൽ പങ്കെടുക്കുന്നതിന് നൽകിവരുന്ന അലവൻസുകൾ

138 (1692) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. യിൽ ബോർഡിൽ നിന്നുള്ള ഉദ്യോഗസ്ഥരല്ലാതെ പുറത്തുനിന്നുള്ള എത്രപേർ കൂടി അംഗങ്ങളായുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അംഗങ്ങൾക്ക് ബോർഡ് മീറ്റിംഗിൽ പങ്കെടുക്കുന്നതിന് എന്തൊക്കെ അലവൻസുകളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഒരു മീറ്റിംഗ് തിരുവനന്തപുരത്തുവച്ച് കൂടുമ്പോൾ ആകെ എത്ര രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്നുപേർ.

1. പ്രിൻസിപ്പൽ സെക്രട്ടറി (പവർ)

2. പ്രിൻസിപ്പൽ സെക്രട്ടറി (ഫൈനാൻസ്)

3. അനൗദ്യോഗിക അംഗം

(ബി) അനൗദ്യോഗിക അംഗത്തിന് സിറ്റിംഗ് ഫീസ് മാത്രം നൽകുന്നുണ്ട്. മറ്റുള്ളവർക്ക് അലവൻസുകളൊന്നും നൽകുന്നില്ല.

(സി&ഡി) ചെറിയ ചെലവ് മാത്രമേ വരാറുള്ളൂ. കൃത്യ തുക കണക്കാക്കിയിട്ടില്ല.

ശുദ്ധജല ദൗർലഭ്യം പരിഹരിക്കുവാൻ നടപടി

139 (1693) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല ലഭ്യതയെപ്പറ്റി സർക്കാർ സർവ്വേ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ജലദൗർലഭ്യം ഉള്ളതായി കാണാൻ കഴിഞ്ഞു ; ഈ സ്ഥലങ്ങളിൽ ശുദ്ധജല വിതരണം നടത്തുവാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ശുദ്ധജലവിതരണത്തിന് ഏതെല്ലാം ഏജൻസികളാണ് നിലവിൽ സഹായധനം നൽകുന്നത് ;

(ഡി) സംസ്ഥാനത്ത് ശുദ്ധജലവിതരണം ഏർപ്പെടുത്തിയിട്ടുള്ള എത്ര ഹരിജൻ കോളനികളും ലക്ഷംവീട് കോളനികളും നിലവിലുണ്ടെന്ന് പറയാമോ ;

(ഇ) ശുദ്ധജലവിതരണം ഏർപ്പെടുത്തിയിട്ടില്ലാത്ത എല്ലാ ഹരിജൻ കോളനികളിലും ശുദ്ധജലവിതരണം ഏർപ്പെടുത്താൻ എന്തെങ്കിലും തീവ്രപരിപാടി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1991 സെൻസസ്പ്രകാരം രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ സഹായത്തോടെ നടപ്പിലാക്കിയ സർവ്വേ പ്രകാരം കേരളത്തിൽ 9776 വാർഡുകളുണ്ട്. ഇതിൽ കേരള വാട്ടർ അതോറിറ്റി 2091 വാർഡുകളിൽ പൂർണ്ണമായും 791 വാർഡുകളിൽ ഒരാൾക്ക് ശരാശരി 30 ലിറ്റർ (എൽ.പി.സി.ഡി.) മുതൽ 40 ലിറ്റർ വരെയും, 2015 വാർഡുകളിൽ ഒരാൾക്ക് ശരാശരി 20 ലിറ്റർ മുതൽ 30 ലിറ്റർ വരെയും 2850 വാർഡുകളിൽ ഒരാൾക്ക് ശരാശരി 10 ലിറ്റർ മുതൽ 20 ലിറ്റർ വരെയും 1788 വാർഡുകളിൽ 10 ലിറ്റർ വരെയും ശുദ്ധജലം ഒരു ദിവസം

LIBRARY ARCHIVES Kerala Legislative Assembly